**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1862 — 14.08.2017 ൽ മറുപടിക്ക്

ആർദ്രം പദ്ധതി

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിലേക്ക് മണലൂർ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത പി.എച്ച്.സി.കൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പി.എച്ച്.സി. മണലൂർ, പി.എച്ച്.സി. വെങ്കിടങ്ങ് (പാടൂർ) എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് മണലൂർ മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ പി.എച്ച്.സി.കൾക്ക് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി തിരഞ്ഞെടുക്കപ്പെട്ട 170 പി.എച്ച്.സി-കളിലായി 680 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത് കൂടാതെ ലാബ് സൗകര്യം, അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചും. ഔട്ട്പേഷ്യന്റ് വിഭാഗങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി രോഗീസൗഹൃദമായ രീതിയിൽ ചികിത്സ ലഭ്യമാക്കുക, ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, സൗകര്യ ങ്ങൾ ക്രമീകരിക്കുക, എന്നിവയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈ സ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗിക ൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യ ങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യ ങ്ങൾ, എന്നിവയും ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വിവിധ രോഗങ്ങളുടെ സമഗ്ര പരിചരണം എന്നിവ ലഭ്യമാക്കുന്നതാണ്. |
| (സി) | പ്രസ്തുത പി.എച്ച്.സി.കളിൽ ഈ പദ്ധതി പ്രകാരം പുതിയ തസ്തികകളിൽ ഡോക്ടർ, നഴ്സ് എന്നിവരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ? | (സി) | ഒരു ഡോക്ടർ, രണ്ട് നഴ്സ് എന്നീ തസ്തികകൾ വീതം ടി. പി.എച്ച്.സി-കളിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ